## പതിനാലാം കേരള നിയമസഭ
## ഒമ്പതാം സമ്മേളനം

05.02.2018 - ൽ മറുപടിക്ക്.

**നക്ഷത്ര ചിഹ്നമിടാത്ത**
**ചോദ്യം നമ്പർ : 2339**

### ഇൻഡസ്ട്രിയൽ ക്ലസ്റ്റർ

| ചോദ്യം<br>ശ്രീ. എം. രാജഗോപാലൻ | മറുപടി<br>ശ്രീ. എ. സി. മൊയ്തീൻ<br>(വ്യവസായവും കായികവും യുവജനകാര്യവും വകുപ്പ് മന്ത്രി). |
|---|---|
| (എ) വ്യാവസായികമായി പിന്നോക്ക പ്രദേശമായ കാസർഗോഡ് ജില്ലയിലെ ചീമേനിയിൽ വലിയ തോതിൽ സർക്കാർ ഭൂമി ലഭ്യമായിട്ടും പൊതുമേഖലാ വ്യവസായങ്ങൾ ഒന്നുംതന്നെ ആരംഭി ക്കാത്തതെന്തുകൊണ്ടാണെന്ന് വ്യക്ത മാക്കാമോ ; | (എ) & (ബി) : കാസർഗോഡ് ജില്ലയിലെ ചീമേനിയിൽ കേരള പ്ലാന്റേഷൻ കോർപ്പറേഷന്റെ അധീനതയിലുള്ള 1000 ഏക്കർ ഭൂമി വ്യവസായ ആവശ്യത്തിന് ലഭ്യമാക്കുന്ന തിനായി വ്യവസായ വകുപ്പിന് കൈമാറുന്നതി നുള്ള നടപടികൾ പുരോഗമിക്കുന്നുണ്ട്. ഇതിനായി 24/05/2017-ന് വ്യവസായ വകുപ്പ് മന്ത്രിയുടെ അദ്ധ്യക്ഷതയിൽ യോഗം ചേർന്നിരുന്നു. പ്രസ്തുത യോഗ തീരുമാന പ്രകാരം ചീമേനിയിലെ 1000 ഏക്കർ ഭൂമി വ്യാവസായികാവശ്യത്തിന് ഉപയോഗ പ്പെടുത്തുന്നതിനുള്ള സാധ്യത പഠനം, അനുയോജ്യമായ വ്യവസായ സംരംഭങ്ങൾ, ലഭ്യമായ സൗകര്യങ്ങൾ എന്നിവ കണക്കിലെടുത്ത് ഒരു വിശദമായ പ്രൊപ്പോസൽ ലഭ്യമാക്കുന്നതിന് വ്യവസായ വാണിജ്യ ഡയറക്ടറെ ചുമതല പ്പെടുത്തിയിട്ടുണ്ട്. ജില്ലാതല സൈറ്റ് സെലക്ഷൻ കമ്മിറ്റിയുടെ പരിശോധന പൂർത്തിയായതിനുശേഷം റിപ്പോർട്ട് സമർപ്പി ക്കുന്നതാണെന്ന് വ്യവസായ വാണിജ്യ ഡയറക്ടർ അറിയിച്ചിട്ടുണ്ട്. |
| (ബി) ഇവിടെ ലഭ്യമായ ഭൂമിയിൽ ഒരു ഇൻഡസ്ട്രിയൽ ക്ലസ്റ്റർ രൂപീകരിക്കാൻ നടപടി സ്വീകരിക്കുമോ ? | |

സെക്ഷൻ ഓഫീസർ.